# സ്പന്ദനം



ലിറ്റിൽ കൈറ്റ്സ് 2018 -2019

## എസ്.എൻ.വി.എസ്.എച്ച്.എസ്

## തൃക്കരുവ

# താളുകളിലൂടെ


| | |
|---|---|
| സ്പന്ദനത്തിനു പിന്നിൽ | - 4 |
| ആമുഖം | - 5 |
| സന്ദേശം | - 6 |
| ലിറ്റിൽ കൈറ്റ്സ് | - 7 |
| എത്ര മനോഹരം ഈ വേള | - 10 |
| കണ്ണന്റെ കഴുത്തിലെ കുരുക്ക് | - 11 |
| മനസ്സിലെ കൃഷി | - 13 |
| മരണം | - 15 |
| എന്റെ വിദ്യാലയം | - 16 |
| പ്രകൃതി തൻ വേദന | - 17 |
| കണ്ണൻ | - 18 |
| ഉണ്ണിയുടെ അമ്മ | - 19 |
| സഖാവിന്റെ പ്രിയസഖി | - 20 |
| അമ്മയുടെ സ്നേഹം | - 21 |
| നന്മയുടെ പ്രകാശം | - 22 |
| മഞ്ചുവിന്റെ റോസാപൂവ് | - 23 |
| എന്റെ വിദ്യാലയം | - 24 |
| സുന്ദരമാം പ്രകൃതി | - 25 |

| | | |
|---|---|---|
| ക്വിസ് | - | 26 |
| പറന്നുയർന്നു | - | 29 |
| ശാസ്ത്രജ്ഞന്മാർ | - | 30 |
| വായന | - | 32 |
| സുപ്രഭാതം | - | 33 |
| അവൾ | - | 34 |
| എന്റെ സ്കൂൾ ജീവിതം | - | 35 |
| ബാല്യം | - | 37 |
| ചന്ദ്രനിൽ ആദ്യത്തേത് | - | 38 |
| ശലഭമാവാൻ | - | 39 |
| മക്കുവും മിക്കുവും | - | 40 |
| ഭൂമിശാസ്ത്രപരമായ അപരനാമങ്ങൾ | - | 43 |
| വനലക്ഷ്മി (കാകളി) | - | 44 |
| പ്രകൃതി | - | 45 |
| പ്രളയം | - | 46 |
| ഒരു പഴയ സ്മൃതി പഥത്തിലൂടെ | - | 47 |
| ചിത്രരചന | - | 52 |

# സ്പന്ദനത്തിനു പിന്നിൽ

അഭിജിത്ത്.ബി.എം

ജോബിൻ തോബിയാസ്

ഷബ്ന.എൻ

ശ്രീതു.എസ്

ശ്രീന.എസ്

അഞ്ജന.എം

അഞ്ജലി.എ

പ്രവീണ.പി

ബിസ്മി.എസ്

# ആമുഖം

# എസ്.എൻ.വി.എസ്.എച്ച്.എസ്.തുക്കുരവ

അവർണ്ണന് അക്ഷരം നിഷേധിച്ചകാലത്ത് വിശ്വഗുരു ശ്രീനാരായണ ഗുരു ദേവന്റെ നിർദ്ദേശമനുസരിച്ച് കാവിള പെരുമാൾ ഗോവിന്ദൻഅവർകൾ 1921 ലെ വിജയദശമിനാളിൽ ഈ സരസ്വതീ ക്ഷേത്രം ആരംഭിച്ചു . കയർ വ്യവസായത്തിനും തൊഴിലിനും പേരുകേട്ട തുക്കുരവ ഗ്രാമം , സുന്ദരിയായ അഷ്ടമുടിക്കായലിന്റെ തലോടലേറ്റ് സൗന്ദര്യത്തിന്റെ സൗരഭ്യം പരിലസിക്കുന്ന ഗ്രാമ മധ്യത്തിലെ വിദ്യാലയം 1948 ൽ ഹൈസ്കൂളായി മാറി.

രണ്ടായിരത്തിലധികം കുട്ടികളുമായിവടവൃക്ഷം പോലെ പടർന്നു കയറിയ ഈ വിദ്യാലയ പടിവാതിലിലൂടെകേരളത്തിന്റെ സാമൂഹ്യ – സാംസ്കാരിക -രാഷ്ട്രീയ – ഔദ്യോഗിക മണ്ഡലങ്ങളിലെ ഒരു പിടി മഹാരഥന്മാർ കടന്നു പോയി .

കാലഗതിയുടെ പ്രവാഹത്തിൽ ശനിയുടെ അപഹാരം ഈ വിദ്യാലയത്തേയും സ്പർശിച്ചു .കാലചക്രമുരുണ്ട് ഇലയും തളിരും പൂവുമായി വീണ്ടും വിദ്യാലയ മുത്തശ്ശി ഉണർന്നു, ഉണർന്നുകൊണ്ടിരിക്കുന്നു. ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ച- മികവാർന്ന I .T. സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ഹൈടെക് ക്ലാസ്സ്മുറികൾ ഇവയൊക്കെ മാറ്റത്തിന്റെ ദിശാസൂചകങ്ങളായി തലയുയർത്തി നിൽക്കുന്നു.

നൂറ്റാണ്ടിന്റെ കഥ പറയുന്ന വിദ്യാലയ മുത്തശ്ശി തുക്കുരവ നാമത്തിന്റെ ചരിത്രത്തിൽ സ്ഫടികപാത്രത്തിൽ വീണ രത്നം പോലെ ശോഭിച്ചു തന്നെ നിൽക്കും- കാലങ്ങളോളം ......

# സന്ദേശം

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് 'ലിറ്റിൽകൈറ്റ്സ്' എന്ന I.T കൂട്ടായ്മ .മലയാളം കമ്പ്യൂട്ടിങ്ങും , ഡെസ്ക്ടോപ് പബ്ലിഷിങ്ങും എന്ന വിഷയ മേഖലയിലെ ഒരു പ്രവർത്തനമാണ് ഡിജിറ്റൽമാഗസിൻ നിർമ്മാണം .

തൃക്കരുവ എസ്. എൻ . വി സംസ്കൃതംഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഇ-മാഗസിൻ"സ്പന്ദനം"പൂർത്തിയായിരിക്കുകയാണ് ഈ സ്കൂളിലെ മാനേജരുടെയും,സ്റ്റാഫിന്റെയും ,കുട്ടികളുടെയും തിരഞ്ഞെടുത്ത രചനകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കൈറ്റ് മിസ്ട്രസ്സ്മാരായ ശ്രീമതി ഷീബ.എസ്. ഡി യുടെയും ശ്രീമതി സീന. സി. ആറിന്റെയും നേതൃത്വത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും എന്റെ എല്ലാവിധ ആശംസകളും നേരുന്നു.



അനിത . എം. കെ
ഹെഡ്മിസ്ട്രസ്
എസ്.എൻ. വി. എസ്.എച്ച്.എസ്
തൃക്കരുവ

# ലിറ്റിൽ കൈറ്റ്സ്

ലിറ്റിൽ കൈറ്റ് മിസ്ട്രസ് മാരായ ശ്രീമതി .ഷീബ എസ് .ഡി ,സീന സി .ആർ എന്നിവരുടെ നേതൃത്വത്തിൽ ഒമ്പതാം ക്ലാസിലെ ഇരുപത് കുട്ടികളെയാണ് 2018 -ജൂൺ ഓടെ ലിറ്റിൽ കൈറ്റ് യൂണിറ്റിന്നുടക്കം കുറിച്ചത് . ലീഡർമാരായ അഭിജിത്ത് .ബി .എം ,ബിസ്മി .എസ്എന്നിവരെ തിരഞ്ഞെടുത്തു . 7-7-18 ൽ ശ്രീ.ബി കൃഷ്ണകുമാറിന്റെ ക്ലാസോടെ തുടക്കം കുറിച്ചു .

കൈറ്റിന്റെ സാമ്പത്തിക സഹായത്തോടെ ഡിസ്‌പ്ലേബോർഡ് കുട്ടികൾക്കുള്ള ഐ .ഡി കാർഡ് വിതരണം പൂർത്തിയാക്കൻ കഴിഞ്ഞു. സെപ്റ്റംബർ ഒന്നിൽ സ്കൂൾ തലക്യാമ്പ് നടത്തി . കുട്ടികൾക്ക് ഒരു പ്രത്യേക അനുഭവമായിരുന്നു .എല്ലാ ബുധനാഴ്ച കളിലും വൈകുന്നേരം 3.30 മുതൽ4.30 വരെയുള്ള ക്ലാസുകളിലെ കമ്പ്യൂട്ടർ പരിജ്ഞാനം



ഉതകുന്നതിനായി മലയാളം ടൈപ്പിംങ് ,ആനിമേഷൻ ,സ്ക്രാച്ച് ,മൊബൈൽ ആപ്പ് എന്നിവ വൈകുന്നേരം ക്ലാസുകളിലൂടെ വിനിമയം ചെയ്യാൻ കഴിഞ്ഞു

സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയായ വിജിത്ത് മോഹൻ കുട്ടികൾക്ക് ജിമ്പിൽ ക്ലാസ്എടുക്കുകയുണ്ടായി . വിജിത്ത് മോഹന്റെക്ലാസ് കുട്ടികൾക്ക് ഒരു നല്ല അനുഭവമായി . അഞ്ചാലുംമൂട്ടിൽ നടന്ന സബ്ജില്ലാ ക്യാമ്പിൽ പങ്കെടുക്കുന്നതിനായിമുബമ്മദ് സാജിദ് , അഭിജിത്ത് .ബി.എം (പ്രോഗ്രാമിങ്) ബിസ്മി .എസ്, ഷബ്ന.എൻശ്രീന.എസ്,അജ്ഞ്ന.എംഎന്നിവരെതിരഞ്ഞെടുത്തു

ലിറ്റിൽ കൈറ്റ് ക്ലബ്ബിലൂടെ കുട്ടികൾക്ക് വിക്കീപീഡിയയിലും DSLR ക്യാമറ ഉപയോഗത്തിലും ക്ലാസുകൾ ലഭ്യമായി .വിക്കി പീഡിയ ക്ലാസിൽ അഭിജിത്ത് .ബി.എം, ഷബ്ന .എൻ,എന്നീകുട്ടികൾ പങ്കെടുത്തു ക്യാമറട്രെയ്നിംങ് ബിസ്മി .എസ് ,മുഹമ്മദ് സാജിദ്എന്നീ കുട്ടികൾ പങ്കെടുത്തു .ഐ.ടി യുടെ വിവിധ മേഖലകളിൽ നൽകുന്ന പരിജ്ഞാനം ഹൈടെക് ക്ലാസ് മുറി യുടെ ശരിയായ പ്രവർത്തനത്തിനും അതുവഴി പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞം വിജയകരമാക്കാനും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ സജ്ജമാകും എന്നു നമുക്ക് പ്രത്യാശിക്കാം .



# ചില നിമിഷങ്ങളിലൂടെ






# എത്ര മനോഹരം ഈ വേള

എത്ര മനോഹരമെൻ  ബാല്യകാലം
അതിൽ എത്ര മനോഹരമെൻ സൗഹൃദം
എൻ സ്നേഹത്തിൻ നിറകുടം
ഞാൻ നിനക്കായ് പങ്കുവച്ചു
കൊച്ചു കൊച്ചു പരിഭവങ്ങളിൽ നിന്നും
നാം സൗഹൃദ സന്തോഷം- കണ്ടെത്തിയില്ലേ?
ഈ പിരിയുന്ന വേളയിൽ
ഞാൻ ഓർക്കുന്നു നമ്മുടെ വിദ്യാലയം
ഇന്ന് ഞാൻ ഓർക്കുന്നു .
നമ്മുടെ സന്തോഷദിനങ്ങൾ
ഇന്ന് ഈ വേളയിൽ സൂര്യനില്ലാത്ത
പുഷ്പത്തെപ്പോലെ വാടിയ
നിൻ വദനം ഞാൻ ഓർക്കുന്നു
ദുഃഖത്തോടെ ...
ഇനി എന്നു നാം കാണും
സുഹൃത്തുക്കളെ ഇനിയെന്ന്
നാം കാണും?



അഭിജിത്ത്.ബി.എം

ക്ലാസ്സ് -ഒമ്പത്

# കണ്ണന്റെ കഴുത്തിലെ കുരുക്ക്

തൊടിയിലെ തേങ്ങയിടൽ മാസംതോറുമുള്ള ഒരു ഉത്സവമാണ്. സ്കൂളില്ലാത്ത ദിവസമാണ് അതെങ്കിൽ പറയാനുമില്ല തെങ്ങിൽ മുകളിൽനിന്നുതരുന്ന പലതരം ജീവജാലങ്ങളെ. കാണാം ഇളനീർ കുടിക്കാം, പച്ചോലയിൽകിടക്കാം കുരുത്തോല കൊണ്ട് തത്തക്കൂട്ട മുതൽ വായ്പകൽ വരെ ഉണ്ടാക്കും നാളികേരകുലകളുടെ കൂടെ പഴകിയൊഴിഞ്ഞ കാക്ക കൂട്ടകൾ വീഴുക



പതിവാണ്. ഒരിക്കലൊരു അണ്ണാർക്കണ്ണന്റെ കൂട് വീണു. അതിൽ ചോരനിറമുള്ള ഒരു പിഞ്ചുകുഞ്ഞും ഉണ്ടായിരുന്നു. പതമുള്ള കൂടോടെ വീണതിനാൽ അതിന് കേടൊന്നും പറ്റിയില്ല. അതിനെ കൈയിലെടുത്ത് വീട്ടിലെത്തിയപ്പോൾ വേഗം കൊണ്ടുപോയി അമ്മയുടെ കല്പന. എന്റെ കരച്ചിൽ കണ്ട് മുത്തശ്ശന്റെ മനസ്സലിഞ്ഞു. വളർത്താമെന്ന് അനുമതികിട്ടി.

ഞാനും മുത്തശ്ശനും കൂടി അടപ്പുള്ള ഒരു ചെറിയ മുളങ്കുടയിൽ അതിനെ അതിന്റെ കൂടോടെ വച്ചു. നൂൽത്തിരി നനച്ച് വായിൽ വച്ചുകൊടുത്ത പാൽനുണഞ്ഞു കുടിച്ചു. അതിനെ കൈകൊണ്ട് തൊടരുതെന്ന് മുത്തശ്ശൻ പ്രത്യേകം പറഞ്ഞു. ഒരാഴ്ചകൊണ്ട് അത് നടക്കാറായി. ദേഹത്ത് മിനുസമുള്ള രോമം മുളച്ചു. പഴം തിന്നു തുടങ്ങി. പൂച്ച പിടിക്കാതിരിക്കാൻ കൂടയുടെ മൂടി പാന്തക്കയറിട്ട്കെട്ടിയുറപ്പിച്ചുവെച്ചു. രണ്ടാഴ്ചകൊണ്ട് ഓടി നടക്കാറായി. ഇനി വേണമെങ്കിൽ തൊടാമെന്ന് മുത്തശ്ശൻ അനുവദിച്ചു.

കൈവെള്ളയിൽ നിന്ന് തോളിലേക്കും കുപ്പായക്കീശയിലേക്കും. അത് യാത്രയായി. കണ്ണൻ എന്ന് അതിന് പേരിട്ടത് മുത്തശ്ശിയാണ്. ആ വലിയ കണ്ണുകളിൽ എപ്പോഴും കുസൃതി അമ്മ നിർദ്ദേശിച്ചു. കഴുത്തിലൊരു കുടുക്കിട്ട്

ചരട്ട കെട്ടില്ല്യെങ്കിൽ അത്ഓടിപ്പോവും.പിന്നെ കരഞ്ഞുപിഴിഞ്ഞിട്ട് കാര്യണ്ടവില്ല്യ! കുട്ടിലായാലും പുറത്തായാലും ,അങ്ങനെ കണ്ണന്റെ കഴുത്തിലെ കുരുക്ക് സ്ഥിരമായി . കുറച്ചുകഴിഞ്ഞപ്പോൾ അത് ഒന്നും തിന്നാതെയായി . സദാകരച്ചിൽ , ഒന്ന് നീട്ടിക്കരയും , പിന്നെ കാതോർത്തിരിക്കുമ്പോലെ കുറച്ചിരിക്കും .വീണ്ടും കരയും അവസാനമില്ലാതെ . വീട്ടിലുള്ളവർകൊക്കേ ശല്യമായി .

രാത്രി അച്ഛൻ കല്പിച്ചു.'ഈ ശല്യം ഇത്ര മതി.നാളെ രാവിലെ ഇതിനെ ഇവിടെ കാണരുത്.വല്ല മരത്തിലും കയറ്റിവിട്ടോ ,ഇണം മുത്തശ്ശന്റെ കൂടെയാണ് എന്റെ ഉറക്കം.കണ്ണനെ പിരിയേണ്ടിവരുന്ന തോർത്ത് തേങ്ങിയ എന്നോട് മുത്തശ്ശൻ പറഞ്ഞു..'ആരും ജനിക്കുന്നത് വേറൊരാൾക്ക്കയറിട്ടു നടത്താനല്ല .

ഓരോരുത്തർക്കും അവരവരുടെ ലോകവും ജീവിതവും ആൾക്കാരും ഉണ്ട് .അതൊക്കെ നഷ്ടപ്പെട്ടതിനാലാണ് കണ്ണൻകരയുന്നത് .അവന്റെ സ്ഥാനത്ത് നീയായിരുന്നെങ്കിൽ നിനക്ക് എന്തു തോന്നുമെന്ന്ആലോചിച്ചു നോക്കൂ .നമുക്കവനെ അവന്റെആൾക്കാരുടെ അരികിലേക്ക് അയക്കാം .ഇത്രയും വലുതായില്ലേ ,ഇനി സ്വന്തം കാര്യത്തിനൊക്കെ അവൻ മതി .'ആലോചിച്ചപ്പോൾ അതാണ് ശരി എന്ന് എനിക്കും തോന്നി .പിറ്റേന്ന് രാവിലെ ഞാനും മുത്തശ്ശനും കൂടി തൊടിയുടെ മൂലയിലെ മാവിൻചുവട്ടിൽ ആ കൂട് കൊണ്ടുചെന്നുവച്ചു .കണ്ണൻ കരഞ്ഞു .അതുകേട്ട്അവന്റെ അച്ഛനമ്മമാർ എവിടുന്നോവന്നു .അവർ കൂടിനുചുറ്റും ഓടിനടന്ന് ചിലച്ചു .കൂട്തുറന്ന് കയറഴിച്ചുവിട്ട കണ്ണൻ ഒറ്റകുതിപ്പിന്മാവിൽ കയറി പക്ഷെ കണ്ണൻ പിന്നീടും വിളിച്ചാൽവരും . ചുമലിൽ കയറിയിരിക്കും .



അഭിഷേക്.ബി.എം

ക്ലാസ്സ്-പത്ത്

# മനസ്സിലെ കൃഷി

അയൽ ഗ്രാമത്തിലെ ചെറുപ്പക്കാരായ രണ്ട്കൃഷിക്കാർ ഒരിക്കൽ മുത്തശ്ശനെ കാണാൻവന്നു. ദാസനും നാഥനും.അവർ അയൽവാസികളും അടുത്ത സ്നേഹിതൻമാരുംആയിരുന്നു.കൃഷി നന്നാക്കാൻ ഉപദേശം തേടിയാണ് വന്നത് എന്ത് ചെയ്തിട്ടും വിളവുണ്ടാകിന്നില്ല എന്നായിരുന്നു പരാതി. കാലക്കേട് വരാത്തകാലത്തും കാര്യമായിഒന്നും വിളയുന്നില്ല .

വളം ചേർത്താലും ഗുണം കാണാനില്ല . ഈ കൃഷിയില്ലാതെ വേറെ വഴിയൊന്നും ഇല്ല ജീവിക്കാൻ. എല്ല മുറിയെ പണിയെടുത്തിട്ടും ആണ്ടിൽ മുക്കാലോഹരിയുംപട്ടിണി കിടക്കേണ്ടി വരുന്നു . മുത്തശ്ശൻ അവരുടെ ഭൂമിയുടെ കിടപ്പും മറ്റും ചോദിച്ചറിഞ്ഞിട്ട് പറഞ്ഞു ; "വിളവുണ്ടാകാത്തതിന്ഒരു കാരണവും വിശേഷിച്ച് കാണുന്നില്ല.നിങ്ങൾ ഈശ്വരാനുഗ്രഹത്തിനായിപ്രാർത്ഥിച്ചോളുക . അവർ പോയി . ഓരാണ്ടത്തെ മൂന്നു പൂകിൽ കൃഷിയും കഴിഞ്ഞ് അവർ വീണ്ടും വന്നു .

ഒരാളുടെ വയലിൽസാമാന്യം നല്ല വിളവുകിട്ടി എന്നും പക്ഷേ മറ്റെയാളുടെ വയലിൽ മുൻപുണ്ടായിരുന്നത്ര പോലും ഇല്ലാതായി എന്നും അറിയിച്ചു.ദാസൻ ഒറ്റാന്തടിയായ അവിവാഹിതൻ. എന്നിട്ടും ദാസന്റെ വയലിലാണ് വിളവെടുക്കുന്നത്.

നാഥന് തന്റെ അച്ഛനും അമ്മയ്ക്കും പുറമെ ഭാര്യയും നാലു കുട്ടികളുമുണ്ട്.അവരെ പോറ്റാൻ ഒരു വഴിയും കാണുന്നില്ല. ദാസൻ ദാനമായി കൊടുക്കുന്ന അരിക്കൊണ്ടാണ് കുടുംബത്ത് ജീവൻ നിലനിൽക്കുന്നത് .അവൻ വിവാഹം കഴിക്കാൻ പോകുന്നു .അതോടെ അവനു ഭാരം വർദ്ധിക്കുമ്പോൾഅത് മുട്ടും .എല്ലാവരെയും കൊന്ന് താനും ജീവൻ ഒടുക്കുകയോ പിന്നെ പോംവഴിഉണ്ടാവൂ .മുത്തശ്ശൻ ചോദിച്ചു ;"നിങ്ങൾ ഈശ്വരനോട് മനസ്സ് നൊന്ത് സങ്കടം പറഞ്ഞില്ലേ ? ഉവ്വെന്ന് ഇരുവരും ആണയിട്ടു .

അപ്പോൾമുത്തശ്ശൻ നാഥനോട് ആരാഞ്ഞു .എവ്വിധമാണ് നാഥൻ പ്രാർത്ഥിച്ചത് ? മറ്റാർക്കുമുണ്ടായില്ലെങ്കിലും എനിക്ക് നാലു മണി വിളഞ്ഞു കിട്ടണേ എന്നു തന്നെ നിത്യേന പ്രാർത്ഥിച്ചു എന്ന് നാഥൻ വെളിപ്പെടുത്തി. മാത്രമല്ല, വിളയുന്ന നെല്ലിന്റെനാലിലൊന്ന് ഭഗവാന് നിവേദ്യത്തിന് നല്കാമെന്നുകൂടി നേർച്ച നേർന്നു. ദാസൻഎന്താണ് പ്രാർത്ഥിച്ചതെന്നായി മുത്തച്ഛൻ.തനിക്കുണ്ടായില്ലെങ്കിലും നാഥനുവിളവുണ്ടാകണേഎന്നാണ് താൻ എന്നും എപ്പോഴും പ്രാർത്ഥിച്ചത് എന്ന് ദാസൻ അറിയിച്ചു .



നാഥൻ പ്രാരാബ്ധക്കാരനാണല്ലോ.കുട്ടികൾക്കുമിശക്കും! മുത്തശ്ശൻ നാഥനോട് ചോദിച്ചു, എനിക്കുമാത്രമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവർക്ക് വല്ലതുംകൊടുക്കാൻദൈവത്തിനുമടിയാണന്നറിയില്ലേ?

എല്ലാവർക്കുമുണ്ടാകണമെന്ന് കുറച്ചു കാലം പ്രാർത്ഥിച്ചു നോക്കരുതേ ? ഇരുവരും പോയി.പിന്നീട് ഒക്കലും അവർ ഉപദേശം തേടിവന്നില്ല . പക്ഷേ, എനിക്ക് ഒരു വലിയ പാഠം കിട്ടി . ഒരു പരീക്ഷയിലും എനിക്കു മാത്രം മാർക്കു കിട്ടണമെന്ന് ഞാൻ പ്രാർത്ഥിക്കാതെയായി.



അഭിജിത്ത്.ബി.എം

ക്ലാസ്സ്-ഒമ്പത്

# മരണം

വിധിയെതടുക്കുവാനാവില്ലൊരിക്കലും
മരണമാം സത്യത്തെ തയുവാനാവില്ല
ജനനം എന്ന പുണ്യകർമ്മത്തിന്
ജീവിതം എന്ന സുന്ദരയാത്രയിൽ
ഭയക്കേണ്ടത് മരണത്തെമാത്റം
നീ ചിരിച്ചതും ,ദു:ഖിച്ചതും , കരഞ്ഞതും
ക്ഷമിച്ചതും , ഒടുവിൽ പ്രയത്നിച്ച്
ജീവിതത്തിന് സുഖമെന്നോ ,ദു:ഖമെന്നോ
ഉള്ള പുരസ്കാരം നേടിക്കൊടുത്തതും
അവസാനം മരണം കാർന്നെടുത്തീടുന്നു
ശിഥിലം വെറും ശിഥിലം ജീവിതം
മരണമെല്ലോ യഥാർത്ഥ നായകൻ .

അമൽ അശോകൻ
ക്ലാസ്സ് - പത്ത്



# എന്റെ വിദ്യാലയം



എന്റെ വിദ്യാലയം എത്ര
മനോഹരമാണ്.
ഇവിടുത്തെ അധ്യാപകർ
നല്ലപോലെ പഠിപ്പിക്കുന്നുണ്ട്.
ഇവിടുത്തെ കുട്ടികൾ
മിടുക്കന്മാരാണ്.
പഠനം എന്റെയൊരു
ജീവിതമാണ്.
പഠനം പഠിക്കാൻ ഒരുപാട് ഉണ്ട്.
സ്കൂളിൽ വരുന്നത് പഠിക്കാനാണ്.
പഠിച്ച് കഴിഞ്ഞ് സ്കൂൾവിടുമ്പോൾ
വീട്ടിൽ പോകണം .
എന്റെ ടീച്ചറും സാറും എന്ത്
നല്ലവരാണ്.
ഇതാണെന്റെ വിദ്യാലയം .....



അനന്തൻ.എ

ക്ലാസ്: 6

# പ്രകൃതി തൻ വേദന

കാറ്റിൽ പരക്കുന്ന മലിനമാം ഗന്ധം
കാറ്റിൽ മണക്കുമി മലിനമാം ഗന്ധം
കാലം നശിക്കുന്നു പ്രകൃതി നശിക്കുന്നു
ജീവിതം എങ്ങോ പറന്നകലുന്നു
പ്രകൃതി തൻ വേദന കണ്ടുകൊണ്ടോ
ഭൂമി തൻ കണ്ണുനീർ മഴയായി പെയ്തിടും
പെയ്തമഴയും നിലവിട്ടും വൈകാതെ
നമ്മുടെ ജീവനും
നമ്മളെ താരാട്ടു പാടിയുറക്കിയ
പ്രകൃതി തൻ വേദന കണ്ടില്ല നാം
ആ പ്രകൃതി തൻ വേദന.

അഞ്ജലി .എ
ക്ലാസ്സ്-ഒമ്പത്



# കണ്ണൻ

എന്റെകണ്ണനേ ഒരു നോക്കു കാണുവാൻ
എന്റെകണ്ണുകൾ തിങ്ങി വിങ്ങുന്നു
എന്റെ കണ്ണനോട് ഒരുവാക്ക് മിണ്ടാൻഎത്ര നാളായി ഞാൻ
കൊതിച്ചുനിൽപ്പൂ......



എന്റെ ദുഃഖങ്ങൾ പങ്കുവയ്ക്കാനായി
എന്റെ കണ്ണൻ മാത്രമേയുള്ളൂ....
(എന്റെ കണ്ണനേ)
എന്റെ കണ്ണനേ ഒരു നോക്കു കണ്ടാൽ
എന്റെ ദുഃഖങ്ങൾ എല്ലാ മറന്നിടും
കണ്ണു മിന്നുന്ന  വാക്കുക്കൾ കൊണ്ട്
എന്റെ ഉള്ളം കവർന്നിടും കണ്ണൻ
എന്റെ വെണ്ണ കൊതിയനെ കാണാൻ
ഞാൻ ഒരുപാട് നാളായി കൊതിപ്പൂ.....
(എന്റെ കണ്ണനേ)



അഞ്ജ്ന. എം
ക്ലാസ്സ് - ഒമ്പത്

# ഉണ്ണിയുടെ അമ്മ




ഉണ്ണി: ആകാശമാകും ലോകത്ത്
ഭൂമിയാകും അമ്മയ്ക്ക്
ഇഷ്ടമുള്ളതെന്തെല്ലാം?
പറയൂ, പറയൂ എൻ അമ്മേ...
അമ്മ: നീലനദികൾ ഒഴുകും തീരം
പൂമ്പാറ്റകൾ വന്നിരിക്കും പൂക്കൾ
നീയാം ബാലൻ കളിക്കും പാടം
പിന്നെ ഈ നാട്ടും എനിക്കിഷ്ടമാണുണ്ണീ
ഉണ്ണി: പ്രകൃതിയാകും ലോകത്ത്
വൃക്ഷങ്ങളാകും അമ്മയ്ക്ക്
ഇഷ്ടമുള്ളതെന്തെല്ലാം?
പറയൂ പറയൂ എൻ അമ്മേ....
അമ്മ: കിളികളും പൂക്കളും പൂമ്പാറ്റകളും
തെന്നി നടക്കും മേഘങ്ങളും
ഇങ്ങ് താഴെ കളിക്കും കുട്ടികളും
പിന്നെ ഉണ്ണി- നിന്നയും
എനിക്കേറെയിഷ്ടം....



സുധീഷ്.എസ്

ക്ലാസ്സ്- ഒമ്പത്

# സഖാവിന്റെ പ്രിയസഖി



എന്റെ പ്രിയ സഖാവേ
നീ പൂത്തുതളിർത്തുനിൽക്കുന്നപൂമരം
നിൻ പൂമരത്തിൻ ചില്ലയിൽ
വന്നു ചേരാൻ കൊതിപ്പൂഞാൻ
നിൻ ചില്ലയിൽ നിന്നും പൊഴിയും
മുദ്രാവാക്യമായി എന്നെ തഴുകി
നിന്റെ ചില്ലയിൽ മേഘമായി മാറി
ഞാൻ...............
കാവലായി മാറിഞാൻ
ചോരതുടിക്കുന്ന നിന്റെ ചില്ലയിൽ
നീ തേടിയ പൂക്കാലത്തിൽ വസന്തം
പൂത്തുതളിത്ത് നിൻ ചില്ലയിൽ........
നിന്റെ ചില്ലയിൽ നീയറിയാതെ
വന്നു ചേർന്ന് മേഘമായി ,വെയിലായി,
വേനലായി , മഴയായി പുഷ്പമായി
നിന്നെ തഴുകി  ഞാൻ
സഖാവിന്റെ പ്രിയസഖിയായി.



അതുല്ല്യ .എസ്
ക്ലാസ്സ്- ഒമ്പത്

# അമ്മയുടെ സ്നേഹം

സ്നേഹത്തിൻ കനിയാണ് അമ്മ
ദൈവത്തിൻ വരമാണ് അമ്മ
കത്തിജ്വലിക്കുന്ന സ്നേഹമാണ് അമ്മ
സുഗന്ധം പരത്തുന്ന പുഷ്പമാണ് അമ്മ.

സ്നേഹത്തിൻ സാഗരമാണ് അമ്മ
വീട്ടിന്റെ ഉള്ളിലെ അണയാത്ത ദീപമാണ്അമ്മ
നക്ഷത്രംപോലെ തിളങ്ങുന്ന മനസ്സുള്ള അമ്മ
സ്നേഹസ്വരൂപമാണ് അമ്മ

അമൃത്പോലെ പവിത്രമായ സ്നേഹമുള്ളഅമ്മ
ജീവിതമാകുന്ന പുസ്തകത്തിൽ പ്രഥമ പാഠമാണ്അമ്മ
നമ്മുടെ പ്രഥമ ഗുരുവാണ് അമ്മ.
വജ്രം പോലെ പവിത്രമാണ്അമ്മയുടെ സ്നേഹം



ജോബിൻ തോബിയാസ്
ക്ലാസ്സ് -ഒമ്പത്

# നന്മയുടെ പ്രകാശം

ഒരു മൊന്ത വെള്ളം തരുന്നവർക്കായി
ഒരു നല്ല ഭോജനം നൽകിടേണം
ഒരുവൻ നിന്മുന്നിൽ തല കുനിച്ചാൽ
അവനുടെ കാൽക്കൽ നീ വീണിടേണം
വെറുമൊരു കാശു നിനക്കു തന്നാൽ
പകരം നീ നൽകണം സ്വർണ്ണനാണയം
ഒരുവൻ നിൻ ജീവനുരക്ഷ ചെയ്യുതാൽ
അറിവുള്ളോരെന്നാലോ തന്മനസ്സിൽ
വചനത്തിൽ കർമ്മത്തിലാകമാനം
ചെറിയോരു സേവനം ചെയ്തവർക്കായ്
ഉപകാരം ചെയ്യുന്നു പത്തിരട്ടി
ശരിയെന്നാലുത്തമ പുരുഷന്മാർ
അനുജരെയൊന്നായി കാൺകയാലേ
അവന്റെ തിന്മയ്ക്കു നന്മ മാത്രം
പകരമായ് ചെയ്യുന്നു മോദപൂർവ്വം.



ദിലീപ്. ഡി
ക്ലാസ്സ്-ഒമ്പത്

# മഞ്ജുവിന്റെ റോസാപ്പൂവ്

ഒരു ചെറിയ വീട്ടിലാണ് മഞ്ജുവിന്റെതാമസം.മഞ്ജുവിന് പൂക്കൾ വളരെ ഇഷ്ടമായിരുന്നു.അതിനാൽ മഞ്ജുവിന്റെ വിടിനു മുമ്പിൽ അവൾ മനോഹരമായ പൂന്തോട്ടം ഉണ്ടാക്കി ഭംഗിയുള്ളതും മണമുള്ളതും. പലതത്തിലുള്ളതു മായറോസചടികൾ പൂത്തുലഞ്ഞു.ഇത്കണ്ടപ്പോൾ മഞ്ജുവിന് വളരെയധികം സന്തോഷമായി. എന്നും അവൾ പൂന്തോട്ടത്തിൽ പോകും പൂക്കളോട് സംസാരിക്കും .

ഒരു ദിവസം തന്റെ പൂന്തോട്ടത്തിന്റെ നടുവിൽ പുഞ്ചിരിതൂകി . മഞ്ജുവിനെ മാടിവിളിക്കുന്ന ഒരു റോസാപ്പൂവികണ്ട് അവൾ അതിന്റെഅരികിലേക്ക് ഓടിചെന്നു . അവൾ റോസാപ്പൂവിനെ ഒന്ന് നോക്കി.പുഞ്ചിരിച്ച് അവൾ റോസാപൂവിനെ ഒന്ന് തലോടിയിട്ട് പറഞ്ഞു. ഹേ റോസപൂവേ എന്ത് ഭംഗിയാണ് നിന്നെകാണാൻദുഃഖത്തോടെആരുവന്നാലുംനിന്റെപുഞ്ചിരിതൂകിനിൽക്കുന്നഇതളുകൾ കാണുമ്പോൾ അവർക്ക്സന്തോഷആകും.നീഎല്ലവർക്കും മനസ്സിനുകുളിർമ്മയും സുഗന്ധവുംനൽകും നി ഭാഗ്യവതിയാണ്.

അതിന് റോസാപ്പ പറഞ്ഞു . അതേ ഞങ്ങളുടെ ദൗത്യമാണ് ഈ ഭൂമിയിൽ ഓരോരുത്തർക്കും സന്തോഷവും കുളിർമയും സുഗന്ധവും നൽകുക എന്നത് ..ഇതുകേട്ടപ്പോൾ മഞ്ജുവിന് വളരെ സന്തോഷമായി .റോസാപ്പൂവെ റോസാപ്പൂവെ എനിക്കും കൊതിയാവുന്നു നിന്നെ പോലൊരു പൂവായി നിൽക്കാൻ അപ്പോൾ എല്ലാവരും എന്നെ യും ശ്രദ്ധിക്കും മഞ്ജു പറഞ്ഞു .

മഞ്ജു കുട്ടി ഒരിക്കലും പൂവാകാൻ ആഗ്രഹിക്കരുത് കാരണം പൂവിന് ഒന്നോ രണ്ടോ ദിവസം മാത്രമേ ആയുസുള്ളു . പിന്നെ അതിന്റെ ഇതളുകൾ വാടി വീഴും നീ ഒരിക്കലും ഒരു പൂവാകരുത് .നീ പൂവാകനല്ല ആഗ്രഹിക്കേണ്ടത് ഒരു നല്ല ചെടിയാവാനാണ് .എന്നാലേ പൂത്തുലഞ്ഞ് ലോകത്തിന് സൗരഭ്യം പരത്താൻ സാധിക്കും ഒരു നല്ല ചെടിക്ക് ഒരുപാട് ആയുസ്സ കാണും .ആയുസ്സ് തീരും വരെ നല്ല ചെടിക്ക് പൂക്കളും ഫലങ്ങളും ഉണ്ടാക്കാൻ കഴിയും അതിനാൽനീ ഒരു നല്ല ചെടിയായിമാറുക .മനുഷ്യർക്കും സമൂഹത്തിനും പ്രയോജനമുള്ളവരാകുക . മഞ്ജുവിന് വളരെ സന്തോഷമായി .



ജോബിൻ തോബിയാസ്

ക്ലാസ്സ്-ഒമ്പത്

# എന്റെ വിദ്യാലയം



എത്രസുന്ദരം എത്രസുന്ദരം എന്റെ വിദ്യാലയം

അറിവിന്റെ ആലയം വിദ്യാലയം

അറിവിന്റെ കലവറയാണ് വിദ്യാലയം

അറിവിന്റെ ജാലകം തുറന്നൊര വിദ്യാലയം

അറിവിന്റെ മൊട്ടുകൾ വിരിയുന്ന വിദ്യാലയം

എത്രസുന്ദരം എത്രസുന്ദരം എന്റെ വിദ്യാലയം

സരസ്വതി ദേവി കുടികൊള്ളുന്ന എൻ വിദ്യാലയം

ജാതിമതഭേതമില്ലതേ അറിവ്പകരുന്നവിദ്യാലയം



നെജ്മുദ്ദീൻ

ക്ലാസ്സ്- ഒമ്പത്

# സുന്ദരമാം പ്രകൃതി

പ്രകൃതി തൻ മടിയിൽ
തല ചായിച്ചുറങ്ങി അതിൽ
സുന്ദരമാം കുളിർ ചില്ലയിൽ
മന്ദം മന്ദം തലോടും വേളയിൽ
തളിരിലകൾ കൊണ്ടത്
മൂട്ടും നിമിഷങ്ങൾ
സുന്ദരമാം മണിവർണ്ണങ്ങൾ
നാദങ്ങൾ മനസ്സിൽ മൂളിപാടാം
കുളിർ ചിന്തകൾ നൽകി
സ്വപ്നലോകമാം പ്രകൃതി
ഹൃദയ ധമനിയാൽ പ്രകൃതി
വർണ്ണങ്ങൾ ഹൃദയസ്പർശിയാം
പ്രകൃതി ഭാവങ്ങൾ, എല്ലാം
മനസ്സിൽ ഇന്ദ്രജാലം പോലെ
തഴുകും പ്രകൃതി എത്ര സുന്ദരം




പ്രവീണ . പി
ക്ലാസ്സ് - ഒമ്പത്

# ക്വിസ്

1. ആദ്യവയലാർ  പുരസ്കാരജേതാവ് ആര് ?

ലളിതാംബിക അന്തർജനം



2. വി. എസ് അച്ചുദാനന്ദൻ കേരളത്തിലെ എത്രമത്തെ മുഖ്യമന്ത്രിയാണ് ?

11

3. 2016-ബ്രിക്സ് ഉച്ചകോടിനടന്നസ്ഥലം ?

ഇന്ത്യ

4. കേരളത്തിൽ ആദ്യമായി എസ. എൽ. സി പരിക്ഷനടത്തിയവർഷം ?

1952

5. പിന്നോക്കവിഭാഗത്തിൽ നിന്നുള്ളകേരളത്തിലെ ആദ്യ മെഡിക്കൽ ബിരുദധാരി ?

ഡോ. പൽപ്പു

6. ചാണക്യൻ അദ്ധ്യാ പകനായിരുന്ന് ഏത് വിദ്യഭ്യാസശലയിലാണ് ?

തക്ഷശില

7. ഇന്ത്യയിലെ ഏറ്റവുംവേഗത കൂടിയ തിവണ്ടി ?

ഗതിമാൻ

8. uidai യുടെ ചിഫ് എക്സിക്യൂട്ടിവ്ഓഫിസർ ആരാണ് ?


അജയ്ഭൂഷൺ  പാണ്ഡെ

9. രണ്ട് ചൈനകൾ എന്ന കൃതി രചിച്ച മലയാളി ആരണ് ?

ഷെർലക്ക് ഹോംസ്

10. ടോക്കിയോ ഗവർണറായ ആദ്യവനിത?

യൂറിക്കോ കോക്കിയോ



11.IPL 8ാം സിസൺ ജേതാക്കളയ ടീം ?

സൺറെസ് ഹൈദ്രാബാദ്

12. രാജിവ് ഗന്ധി ഖേൽ രത്ന പൂരസ്കാരം നേടിയ ആദ്യവനിത ടെന്നിസ് താരം ?

സാനിയ മിർസ

13. ACP യുടെ ഫുൾഫോം എന്തണ്?

അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്

14. അടരുന്ന കക്കകൾ എന്നകൃതിരജിച്ചത് ആരാണ് ?

ആഷാമേനോൻ

15. അന്തിത്തിരി ,ഒരുപിടി നെല്ലിക്കഎന്നികൃതികൾരജിച്ചത് ആരാണ?

ഇടശ്ശേരി ഗോവിന്ദൻനായർ

16. സുസ്മേഷ് ചന്ത്രോത്തിന്റെ ജനനവർഷംഎന്നാണ്?

1977 ഏപ്രിൽ 1

17.ബ്രിട്ടന്റെ ദേശിയപക്ഷി ?

റോബിൻ



18.kite ന്റെ ഫുൾ ഫോം എന്തണ?

Kerala Infrastructure And Technology For Education

19. ലോക അൽഷിമേഴ്സ് ദിനം എന്ന് ?

സെപ്റ്റംബർ 21

20. DEO യുടെ ഫുൾ ഫോം എന്തണ് ?

ഡിസ്റ്റിക്ക് എഡ്യുകേഷണൽ ഓഫീസർ

21. 2016 ലെ മാൻ ബൂക്കർ പുരസ്കാരം നോടിയ എഴ്ഞുകാരി ?

ഹാൻ കാങ്

22. സുകുമാർ അഴിക്കോട് അനുസ്മരണ പുരസ്കാരം 2016 ൽ ലഭിച്ചത് ആർക്ക് ?

എം. വീരേന്ദ്രകുമാർ

23. റിയോഒളിമ്പിക്സിൽ ഇന്ത്യ യുടെ സ്ഥാനം ?

67

24. T.V യുടെ ഫുൾ ഫോം എന്താണ് ?

ടെലിവിഷൻ

25. ഉറങ്ങുമ്പോൾ കാണുന്നതൽ സ്വപ്നം ഉറങ്ങാൻ അനുവദിക്കാത്തതാണ് സ്വപ്നം ഈ വക്കുകൾ ആരുടെതാണ് ?

ഡോ. എ. പി. ജെ. അബ്ദുൽകലാം



26.ജിമ്പിന്റെ ഔദ്യോഗിക ചിഹ്നം ?

വിൽബർ

പ്രവീണ . പി
ക്ലാസ്സ് - ഒമ്പത്

# പറന്നുയർന്നു

വീടിനു പുറകിലെ മരത്തിൽ ഒരു കിളി കൂടുവെച്ചു. കൂട്ടിൽ മുട്ടയിട്ടുമുട്ടയ്ക്ക് വെളുത്ത നിറം.ഞാനെന്നും ആ മരത്തിന്റെഅടുത്തു ചെന്നു നോക്കും.അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. മുട്ടകൾ വിരിഞ്ഞു.നാല് പൈങ്കിളിക്കുഞ്ഞുങ്ങൾ......

അവസാനംവിരിഞ്ഞ പൈങ്കിളി മഹാവികൃതിയായിരുന്നു.അമ്മക്കിളി മക്കളെ നോക്കി നടക്കും. അച്ഛൻ തീറ്റയ്ക്ക് പോകും. അങ്ങനെ നാളുകൾ വന്നു പോയി.

ഒരു ദിവസം അച്ഛനും അമ്മയും തീറ്റയ്ക്ക്പോയ സമയം കൊച്ചു പൈങ്കിളി പറന്നുയർന്നു.അവൾ അപകടത്തിലേക്ക്പറന്നു പോകുമ്പൾ ഏട്ടൻ കിളി പറന്നു പോയി അവളെപിടച്ചു. ച്ചേച്ചിമാർ സങ്കടത്തോടെ നിൽക്കുകയായിരുന്നു.ഏട്ടൻകിളി അവളോടു പറഞ്ഞു. നീഇനി ഒരിക്കലും അച്ചനും അമ്മയും ഇല്ലാത്ത സമയം പുറത്തേക്ക് പറക്കരുത്.കുഞ്ഞിക്കിളി പറഞ്ഞു. ഇല്ല ഞാനിനിപോവില്ല ഏട്ട അപ്പോഴേക്കും അച്ഛനും അമ്മയും എത്തി. തീറ്റകൊടുത്തു.

നമ്മുടെ കൊച്ചു പൈങ്കിളി പിന്നെ വലുതായി പാറിനടന്നു. എനിക്കാ പക്ഷിയെ ഇഷ്ടമായി. ഞാൻ അതിനെ നോക്കിനിന്നു . അപ്പോൾ അമ്മ എന്നെ വിളിച്ചു. പക്ഷി പറന്നുപോയി. ഞാൻ എന്റെ അമ്മയുടെ അടുത്തേക്കും.....




മുഹമ്മദ് സാജിദ് ക്ലാസ്സ് - ഒമ്പത്



# ശാസ്ത്രജ്ഞന്മാർ

## അരിസ്റ്റോട്ടിൽ

(ജനനം -ബി .സി 384 സ്റ്റാഗിറയിൽ (മാസിഡോമിയ )
മരണം -ബി .സി 322)



പ്രമുഖചിന്തകനും ,ദർശനിയും സാഹിത്യ വിമർശന പ്രസ്ഥാന ജനയിതാവുമായ അരിസ്റ്റോട്ടിൽ പ്ലേറ്റോയുടെ ശിഷ്യനായിരുന്നു.

'ലൈസിയം' എന്നവിദ്യാകേന്ദ്രത്തിൽ അദ്ധ്യാപകനായിഇന്ദ്രിയഗോചതമായ പ്രപഞ്ചത്തിൽ വിശ്വസിക്കുന്ന ഒരുശാസ്ത്ര‌ജ്ഞനായിരുന്നു അരിസ്റ്റോട്ടിൽ .

## വില്യം ഷക്സ്പിയർ

(ജനനം -1564 മരണം -1616 ഏപ്രിൽ 23)

ഇംഗ്ലണ്ടിലെ സ്റ്റാറ്റ്ഫോർഡ് അവനിൽ ജനിച്ച ഷേക്സ്പിയർ ലോക സാഹിത്യത്തിലെ




അത്യുന്നതമായ പ്രതിഭാധന്മാരിൽ ഒരാളാണ് 18-)0 വയസ്സിൽഉപജീവനാർത്ഥംബിസിന-സ്സിലേർപ്പെട്ടു . അതോടൊപ്പംതന്നെ ലണ്ടനിലെഒരുതിയേറ്ററിൽസ്ഥിരമായി നാടകങ്ങളിൽ അഭിനയിക്കുകയും ചെയ്തിരുന്നു . വിശ്വസാഹിത്ത്യ ത്തിന് തന്നെ മുതൽ കൂട്ടായ ധാരാളം

സാഹിത്യ സൃഷ്ടികൾ നടത്തിയിട്ടുള്ള ഷേക്സ്പിയറിന്റെ പ്രധാന കൃതികൾ ഹാംലെറ്റ്, മാക്ബത്ത്, ജൂലിയസ് സീസർ , റോമിയോ ആന്റ്ജൂലിയറ്റ്, ആന്റണി ആന്റ് ക്ലിയോപാട്ര , ദ മാർച്ചന്റ് ഓഫ് വെനീസ്, ഒഥല്ലോ , ആസ് യൂ ലൈക്ക് ഇറ്റ് തുടങ്ങിയവയാണ്.

## ആർക്കിമിഡീസ്.....

(ജനനം -ബി . സി 287 (സിറാക്യൂസ്) മരണം -ബി. സി 212)

ആർക്കമിഡിസ് തത്ത്വത്തിലൂടെ ലോക പ്രസിദ്ധനായ അദ്ദേഹം ഭൗതിക ശാസ്ത്രജ്ഞൻ എന്നീ നില കളിൽ പ്രസിദ്ധനാണ്. ഉത്തോലക തത്ത്വത്തിലൂടെ ഗണിത ശാസ്ത്ര ശാഖയായ സ്റ്റാറ്റിസ്റ്റിക്ക്സ് ഉപജ്ഞാ - താലായി . പൈയുടെ മൂല്യം നിർണ്ണയിച്ചു . ഗണിത ശാസ്ത്രത്തിലെ ഇൻഗ്രൽ കാൽ കലസിന് മുന്നോടി - യായ തത്ത്വങ്ങൾ ആവിഷ്ക്കരിച്ചു . ആർക്കിമിടീസ് സ്ക്രൂ എന്ന യന്ത്ര സംവിധാനം നിർമ്മിച്ചു .






ഷബ്ന . എൻ
ക്ലാസ് :IX

എന്റെ ജീവിത കഥകൾ ......

# വായന

അക്ഷരങ്ങൾ  മൊഴിയുന്നതാണെന്റെവായന ....

വെറുമൊരു പുസ്തകതാളല്ലെന്റെ വായന ...

വിജ്ഞാനത്തിൻ കൂടാരമാണെന്റെവായന

അറിവിൻ വെളിച്ചം പകരുന്നതാണെന്റെ വായന .....

എന്നെ നേരിന്റെ പാതയിൽ  നയിക്കുന്ന

ഗുരുവാണെന്റെ വായന .....

എന്നിൽ വെളിച്ചം പകരുന്ന

സുഹൃത്താണെന്റ വായന .....



# സുപ്രഭാതം

രാത്രി ഒഴുകി മറഞ്ഞു .....
സൂര്യൻ തഴുകി വരുന്നു...
പുലർച്ചയിൽ ആശാൻ മാരുടെ
പാട്ട് കേട്ടുണർന്നു ഞാൻ
പൂക്കളുണരും ഗന്ധം എന്നെ
സ്പർശിച്ചിട്ടു പോയി ....
പക്ഷികളുടെ ഗാനം എൻ
കാതുകൾ തുറന്നു ...
തേനൂറും വണ്ടുകൾ സുമങ്ങളിൽ
മാറി മാറി തേൻ നുകരാൻ തുടങ്ങി ..
ഞാനെഴുന്നേറ്റു എൻ മനസ്സിൽ
കളങ്കമില്ലാത്തവൻ ഏകൻ തെളിഞ്ഞു ......
അച്ഛനെൻ മനസ്സിൽ നിറഞ്ഞു
അമ്മയെൻ കണ്ണിൽ തെളിഞ്ഞു
ആകാശഭൂമിയും ഞാനും എൻ
മനസ്സുമുണർന്നു
ഈ പ്രഭാതം എത്ര മനോഹരം




എത്ര മനോഹരം .............
എത്ര മനോഹരം .............

# അവൾ .....

ഒരു വാക്ക്ചൊല്ലാതേപറയാതെ
വന്നവൾ ...
മിണ്ടിയില്ല പറഞ്ഞില്ല ഒട്ടുമേതന്നില്ല
വന്നവൾ ഒരു നോക്ക് കാണിച്ചവൾ .

മനുഷ്യനാം കാട്ടാളന്റെ പ്രവർത്തിക്കു
മറുപിടിനൽകിയവൾ .....

മനുഷ്യനീ ഭൂമിയിലൊന്നുമല്ല എന്ന്
തെളിയിച്ചവൾ .....



മനുഷ്യനെടുത്ത് വാരിക്കൂട്ടിയതെല്ലാം
തിരിച്ചു പിടിച്ചവൾ .....

അവൻ ഒരുപാട് മോഹിച്ചു ഒരുപാട് നേടി
ഒരുപാട് ഉപദ്രവിച്ചു വീറോടെപൊരുതി
എന്നാൽ ഇതെല്ലാം വേരോടെ പിഴുതിയവൾ .....

എല്ലാവർക്കും വീതിച്ചു നൽകിയവൾ
എന്നാൽ എല്ലാവരും മോഹിച്ചവൾ



ഷെഹിൻ ഷാ
ക്ലാസ്സ് – എട്ട്

# എന്റെ സ്കൂൾ ജീവിതം

നമ്മുടെ സ്കൂൾ ജീവിതം എന്തു രസമാണല്ലെ.അത് ഇനിഎത്ര ജീവിതം ജീവിച്ചു തീർന്നാലും മറക്കാൻ പറ്റില്ല .സ്കൂൾ വരാന്തയിലൂടെ നമ്മൾ നമ്മുടെ കൂട്ടുകാരുമായി ഒരുമിച്ച് നടക്കുമ്പോൾനമ്മൾഒന്ന്ആഗ്രഹി-ക്കും എന്നും ഇത് ഇങ്ങനെ തന്നെ നീണ്ടു നിൽക്കാൻ ക്ലാസിൽ ടീച്ചർ പഠിപ്പിക്കും ആസമയത്ത് ഞങ്ങൾ എന്തെങ്കിലുംകുസൃതികാണിച്ചുകൊണ്ട് ഇരിക്കും .

അപ്പോഴായിരിക്കും പെട്ടെന്ന് ടീച്ചർ എഴുന്നേറ്റെ ഞാനിവിടെ എന്താണ് പറഞ്ഞത് ഒന്നു പറഞ്ഞെ. ചിലപ്പോൾനമ്മൾആവേശത്തോടെഎഴുന്നൽ-ക്കും കാരണം അത് അറിയാവുന്നത് കൊണ്ട്. ചിലപ്പോൾ ഞാൻ, പെട്ടു എന്ന് പറഞ്ഞ് ദൈവത്തിനെ രണ്ടു വഴക്കും പറഞ്ഞ് എഴുന്നേൽക്കും.

ഞങ്ങൾ ക്ലാസിൽ കൂട്ടുകാരുമായി ഒരുമിച്ച്ഇരുന്നഒരുനേരത്തെആഹാ-രം കഴിക്കുമ്പോൾനമ്മുടെകുറ്റവും കുറവുമൊക്കെ പറഞ്ഞുഇരിക്കുമ്പോൾ ഇടയ്ക്ക് നമ്മുക്ക് ദേശ്യം വരും കാരണം അത് അങ്ങനെ അത് കേട്ടപാട് കേൾക്കാത്തപാട് നമ്മൾ ദേശ്യത്തിൽ ഇറങ്ങിപോകും.പിന്നിട് അവർ നമ്മളെ വന്ന് ആശ്വസിപ്പിക്കും ചിലപ്പോൾ നമ്മൾ വീണ്ടും ദേശ്യപ്പെടും പിന്നിട് അത് ഓർത്ത് നമ്മൾ കരയും കാരണം ഞാൻ അവളോട്അങ്ങനെപെരുമാറരുതായിരുന്നു. ആകെകിട്ടുന്നസന്തോഷമായൊരു ജീവിതം എന്നു പറയുന്നത് സ്കൂൾ ജീവിതംമാണ് നമ്മളായിട്ട് ആ സന്തോഷം തട്ടിക്കളയരുത്.ഈ ജീവിതം എന്നു പറയുന്നത് കളിതമാശയല്ല.

ജീവിക്കുവാണെങ്കിൽസന്തോഷത്തോടെജീവിക്കണം.പിന്നിട് ആ ജീവിതാത്തെക്കുറിച്ച് ഓർത്ത് ദുഖിക്കരുത്.അപ്പോൾ ഒരു ദിവസം ഞാൻ ഇങ്ങനെ ക്ലാസിൽ ഇരിക്കുകയായിരുന്നു പെട്ടെന്ന് മേഘങ്ങൾകറുത്തുഅപ്പോൾമനസ്സിലായി മഴപെയ്യാൻ പോവുകയാണ് എന്ന്.അപ്പോൾ പതുക്കെ ഞങ്ങളുടെ ശ്രദ്ധ താനെ വെളിയിലോക്കു പോകും അപ്പോൾ പെട്ടെന്ന് നമ്മൾ ആഗ്രഹിക്കും ഒന്നു നനയാൻ

പറ്റിയിരുന്നെങ്കിൽഎന്ന്.ആർക്കാണ് മഴ നനയാൻഇഷ്ടമല്ലാതത്എനിക്കവളരെ യധികം ഇഷ്ടമാണ് മഴനനയാൻ .


അങ്ങനെ ഒരുദിവസം മഴനനയാനുള്ള കൊതികൊണ്ട് ഞാൻ മഴയത്തിറങ്ങി . മെല്ലെ എന്റെ കണ്ണുകൾ മുകളിലേക്ക് ഉയർന്നു . ഒരു കുഞ്ഞു മഴത്തുള്ളി എന്റെ മുഖത്തേക്ക് വീണു . എന്തു സുഖമാണ്അത് എന്റെ മുഖത്ത് സ്പർശിച്ചപ്പോൾ . ഞാൻ അറിയാതെ ആഗ്രഹിച്ചു ഞാൻ ആ മഴത്തുള്ളിയായിരുന്നെങ്കിൽ എന്ന് ..... അന്നത്തെ ദിവസം എത്ര പെട്ടെന്നു കടന്നു പോയി . പിന്നീട് വീണ്ടും ഞാൻ സ്കൂളിലേക്കും മടങ്ങി പെട്ടെന്ന് വീണ്ടും ഓരോ ചിന്തകൾ എന്നിൽ കടന്നു കൂടി . പിന്നീട് ഞാൻ ഒരോന്ന് എന്റെ മനസ്സിൽ പറഞ്ഞുകൊണ്ടിരുന്നു . ഇപ്പോഴെ ഇങ്ങനെയൊക്കെ നടക്കാൻ സാധിക്കും അതുകൊണ്ട് സ്കൂൾജീവിതം സന്തോഷത്തോടെ ജീവിച്ചു തീർക്കും പിന്നീട് ഒരിക്കലും ആ കാലചക്രം തിരിച്ചു വരില്ല . school life is beautiful . ഞാൻ 10-ാം ക്ലാസ്സിൽ ആകുമ്പോൾ എനിക്ക് ഓരോ ദിവസവും നെഞ്ചിടിപ്പ് ആണ് കാരണം ഓരോ ദിവസം കഴിയുന്നതിനനുസരിച്ച്

ഞങ്ങൾ ഓരോ മിനിറ്റും അകന്നും പോകുന്നതു പോലെ . ഞാൻ 10-ാം ക്ലാസ്സിൽ നിന്നിറങ്ങുമ്പോൾ എന്റെ അവസാനത്തെ കണ്ണീരിന്റെ ഉപ്പ് ഓട്ട കൂടി വാരിത്തഴിച്ച ആഹാരം ഇറക്കാൻ ഞാൻ പെടുന്ന പാട്. ആ ജീവിതം ഒരിക്കലും മറക്കാൻ പറ്റില്ല . എല്ലാം ഇന്നലെ കണ്ട സ്വപ്നപോലെ bye അങ്ങനെ എന്റെ 6 വർഷം എത്ര പെട്ടെന്ന് കടന്നു പോയി . ഞാൻ എന്റെ സ്കൂൾ ജീവിതം ഒരിക്കലും മറക്കില്ല സ്കൂൾ ജീവിതം ഒരു കളിയല്ല നമ്മൾ പെട്ടെന്ന് ആഗ്രഹിക്കുമ്പോൾ അത് തിരിച്ചുവരികയില്ല . പിന്നീട് നമ്മൾ അത് ഓർത്ത് ദുഖിഃക്കരുത് . **ഈ ലോകത്ത് ആരും ആർക്കും അവകാശപ്പെട്ടതല്ല അത് ഇനി ഉണ്ടാകാനും പോന്നില്ല.**



**ശ്രീന**
**ക്ലാസ്സ്-ഒമ്പത്**

# ബാല്യം



മണിമുത്തുകൾ കോർത്ത്കൊഞ്ചിയും,
മഞ്ചാടികുരുക്കൾവാരി കൂട്ടിയും,
മധുരമാക്കിയ ബാല്യം,
മഴവെള്ളപാച്ചിലിൽ കടലാസ്
തോണിയൊഴുകിയും
കുളത്തിലെ മീനുകൾക്ക് ചോറ് വിതറിയും
കളിച്ചുല്ലസിച്ച ബാല്യം
പുൽചാടികളെ പിചിച്ച് കുപ്പിയിലടച്ചും,
തുമ്പിയെകൊണ്ട് കല്ലെടുപ്പിച്ചും,
കുസൃതികാട്ടിയ ബാല്യം
അമ്മയുടെ സാരി തുമ്പിൽ പിടിച്ചും
അമ്മൂമയുടെ ചെറുനുണ കഥകൾ കേട്ടും
വിസ്മയിച്ച ബാല്യം
അച്ഛൻ കൊണ്ടുവരുന്ന മിഠായിതിന്നും,
അപ്പൂപ്പന്റെ സൈക്കിളിന്റെ മുന്നിലിരുന്നും,
സഞ്ചരിച്ച തീർത്ത ബാല്യം
എപ്പോഴും ഓർത്ത് രസിക്കാൻ
മധുര മാർന്ന ഓർമകൾ തന്ന ബാല്യം



ശ്രീശാന്ത്
ക്ലാസ്സ്- പത്ത്

# ചന്ദ്രനിൽ ആദ്യത്തേത്

1. ചന്ദ്രനിൽ പർവ്വതങ്ങൾ ഉണ്ടെന്ന് ആദ്യം പറഞ്ഞത്?

ഗ്രീക്ക് തത്വജ്ഞാനിയായ ഡമോക്രാറ്റസ്

2. നഗ്നനേത്രം കൊണ്ട് ചന്ദ്രമാപ്പ് ആദ്യം തയ്യാറാക്കിയത്?

ഡബ്ളിയു ഗിൽബർട്ട്

3. ചന്ദ്രനിൽ ആദ്യം ടെലസ്കോപ്പിക് മാപ്പ് തയ്യാറാക്കിയത്?

തോമസ് ഹാരിയട്ട്

4. ചന്ദ്ര പർവ്വതങ്ങളുടെ ഉയരം അളക്കാൻ ആദ്യം ശ്രമിച്ചത്?

ഗലീലിയോ ഗലീലി

5. ആദ്യ ചന്ദ്ര ഫോട്ടോഗ്രാഫർ ?

ജെ. ഡബ്ളിയു. ഡ്രാപ്പർ (1840)

6. ചന്ദ്രനിലേക്ക് അയച്ച ആദ്യ വാഹനം ?

ഏബിൾ 1(1958 യു.എസ്.)പരാജയം

7. ചന്ദ്രനിലേക്ക് അയച്ച് വിജയിച്ച ആദ്യ വാഹനം ?

ലൂണ(1959)

8. ചന്ദ്രന് ചുറ്റും ആദ്യം സഞ്ചരിച്ച മനുഷ്യൻ കയറിയ വാഹനം

അപ്പോളോ -8(1968)

9. ആദ്യം ചന്ദ്രനിലിറങ്ങിയ മനുഷ്യൻ ?

നീൽ ആംസ്ട്രോങ്ങ്


10. ചന്ദ്രനിൽ നിന്നാദ്യമായി സാമ്പിളുമായി തിരിച്ചെത്തിയ വാഹനം ?

ലൂണ 16



ബിസ്മി.എസ്
ക്ലാസ്സ്-ഒമ്പത്

# ശലഭമാവാൻ



പോരെട്ടെയോ നിന്നുടെ കൂടെ
നറുമണമുള്ളൊരീ മധു നുകരാൻ
പോരട്ടേ ഞാൻ പോരട്ടെ
വർണ്ണച്ചിറകുകൾ വീശിപ്പാറും

പൂമ്പാറ്റയോടെനിക്കേറെ പ്രിയം
പുള്ളിച്ചിറകുകൾ വീശിപ്പാറും
പൂമ്പാറ്റയോടെനിക്കേറെ പ്രിയം
മണ്ണിൽ നിൽക്കുമെനിക്കൊരു മോഹം

വിണ്ണിൽപ്പാറും ശലഭമാവാൻ,
മണ്ണപ്പംചുട്ടുക്കളിക്കുമെനിക്കൊരുമോഹം
വിണ്ണിൽപ്പാറും പൂമ്പാറ്റയാവാൻ .



ശ്യാം
ക്ലാസ്സ്- പത്ത്

# മക്കുവും മിക്കുവും

പണ്ടൊരിക്കൽ ഒരു കാട്ടിൽ ഒരു പാവം കരടികുട്ടി ഉണ്ടായിരുന്നു. അവന്റെ പേര് മക്കു എന്നായിരുന്നു. അവന് കളിക്കാൻ സഹോദരനോ കൂട്ടുകാരനോ ഇല്ലായിരുന്നു. അച്ഛൻ മരിച്ചു പോയി അമ്മയുണ്ട് . ഒരു ദിവസം മക്കു കരടി കളിക്കാൻ ഇറങ്ങി. അപ്പോൾ ആ കാട്ടിലെ ഭയങ്കരനായ ഒരു പുലി ആ പാവം മക്കുകരടിയെ കണ്ടു. ആ പുലി മക്കുകരടിയെ ഓട്ടിച്ചു . അങ്ങനെ മക്കു ഓടി ഓടി ഗ്രാമത്തിൽ എത്തി. അപ്പോഴും പുലി മക്കുവിനെ പിടിക്കാൻ പിറകിലുണ്ടായിരുന്നു.

ആ ഗ്രാമത്തിൽഒരു വൃക്ഷം കണ്ടു മക്കു ആ വൃക്ഷത്തി കയറി .ഹ...ഹ...ഹ...മണ്ടൻ പുലി മക്കുവിനെ കണ്ടില്ല. മക്കു വൃക്ഷത്തിൽഇരുന്നു ചുറ്റും നോക്കി അപ്പോൾ വേറൊരു കരടികുട്ടി ഗ്രാമത്തിൽ നിന്ന് പട്ടം പറത്തി കളിക്കുന്നത് മിക്കു കണ്ടു. മക്കുകരടി വിചാരിച്ചു എനിക്ക് ആ പട്ടംഎനിക്കും കൂടി കിട്ടിയായിരുന്നെങ്കിൽ പെട്ടെന്ന് ഒരു പരുന്ത് ഗ്രാമത്തിൽ നിന്ന് കരടിയുടെ പട്ടത്തിന്റെ നൂലിൽ ഒരു കൊത്ത്. പട്ടം മക്കു ഇരുന്ന വൃക്ഷത്തിൽപറന്നു വന്ന് കുടുങ്ങി .

അപ്പോൾ മക്കു ആ പട്ടം എടുത്തു ഗ്രാമത്തിൽ നിന്ന കരടിക്കു കൊടുത്തു അന്നിട്ട് മക്കു ചോദിച്ചു "നിന്റെ പേരെന്താ" ഗ്രാമത്തിൽ നിന്ന കരടിപറഞ്ഞു . "മിക്കു" ഗ്രാമത്തിൽ നിന്ന കരടി ചോദിച്ചു "നിന്റെ പേരെന്താ" "എന്റെ പേര് മക്കു"മിക്കു പറഞ്ഞു "നമ്മുടെ പേരിന് സാമ്യമുണ്ട്" മക്കു ആ ഉണ്ട് " നിന്റെ വീട് എവിടെയാ " മക്കു ചോദിച്ചു. എന്റെ വീട് അങ്ങ് ദൂരെ അച്ഛനു അമ്മയും നിനക്ക് ഉണ്ടോ . മിക്കു സങ്കടത്തോടു കൂടി പറഞ്ഞു പറഞ്ഞു എന്റെ അച്ഛനും അമ്മയും

മരിച്ചു . മക്കുവിന് മനസ്സിലായി മിക്കുവിന് സങ്കടമായി എന്ന്.

മക്കു മിക്കുവിന്റെ അടുത്തു ചോദിച്ചു നീ എന്റെ വീട്ടിൽ വരുന്നോ മിക്കു ആകാംശയോടെ പറഞ്ഞു ആ വരാം പിന്നെയാ ആലോചിച്ചത് മക്കുവിന്റെ അമ്മ മക്കുവിനെ വഴക്കുപറഞ്ഞാലോ . അപ്പോൾ മിക്കു ചോദിച്ചു.എന്താ ആലോചിക്കുന്നത് മിക്കു . "വാ എന്റെ വീട്ടിൽ പോകാം." മിക്കുവും മക്കുവും മക്കുവിന്റെ വീട്ടിൽ പോയി ഇതാരാ അമ്മ പെട്ടെന്ന് അലറി ടോദിച്ചു. മിക്കു പറഞ്ഞു ഇതാണ് എന്റെ പുതിയ കൂട്ടുകാരനും സഹോദരനും എല്ലാം ഇവൻ ഇനി നമ്മുടെ വീട്ടിലാണ്താമസിക്കുന്നത്.

മക്കുവിന്റെ അമ്മ മിക്കുവിന്റെ അടുത്ത് ചോദിച്ചു . നിന്റെ പേരെന്താ മിക്കു ഭയനാകമായി പറഞ്ഞു "മിക്കു" അമ്മയ്ക്ക് സന്തോഷമായി അപ്പോൾ ഉടൻ തന്നെ മക്കു അമ്മയുടെഅടുത്ത് ചോദിച്ചു . ഞങ്ങൾ കളിച്ചോട്ടെ.അപ്പോൾ അമ്മ പറഞ്ഞു കളിച്ചോ ഉച്ചയായി കളിനിർത്തി .മിക്കുവും മക്കുവും അങ്ങനെ അവർ സന്തോഷത്തിലായി .

പ്രിയപ്പെട്ട അമ്മമാരെ നിങ്ങൾ ഈ കഥ വായിച്ചന്ന് ഉറപ്പുവരുത്തി ഒരു കാര്യം പറയണം . മക്കു ചെയ്തത് കണ്ടില്ലേ . മക്കുവിന്റെ അമ്മ ചെയ്തതും കണ്ടില്ലേ. ഇതായിരിക്കണം അമ്മമാർ.



അക്ബർഷാ.എസ്
ക്ലാസ്സ് - ആറ്

# ഭൂമിശാസ്ത്രപരമായ അപരനാമങ്ങൾ

ഇരുണ്ട ഭൂഖണ്ഡം

-ആഫ്രിക്ക

ലോകത്തിന്റെ മേൽക്കൂര

-പാമീർ

ഏഴു മലകളുടെനാട്

-റോം




ചൈനയുടെ ദുഃഖം

-ഹ്വാങ്ഹോ

മഞ്ഞനദി

-ഹ്വാങ്ഹോ

മെഡിറ്ററേനിയന്റെതോൾ

-ജിബ്രാൾട്ട്

ഉദയസൂര്യന്റെനാട്

-ജപ്പാൻ

ഇന്ത്യയുടെ പൂന്തോട്ടം

-ബാംഗ്ലൂർ

ബാംഗ്ലൂറിന്റെ ദുഃഖം

-ദാമോദർനദി

പാതിരാ സൂര്യന്റെ നാട്


-നോർവെ

ലോകത്തിന്റെ പഞ്ചസാരകിണ്ണം

-ക്യൂബ

ആയിരംതടാകങ്ങളുടെ നാട്

-ഹെൽസിങ്കി




പുണ്യഭൂമി

-പാലസ്തീൻ

യൂറോപ്പിന്റെ കളിത്തട്ട്

-സ്വിറ്റ്സർലൻഡ്

സുവർണ്ണക്ഷേത്ര നഗരം

-അമൃത്സർ

ഇന്ത്യയുടെ സുഗന്ധവ്യഞ്ജനത്തോട്ടം

-കേരളം

കിഴക്കിന്റെ വെനീസ്-ആലപ്പുഴ



വിവേക് ബിനു
ക്ലാസ്: IX

# വനലക്ഷ്മി

## ( കാകളി )

ഓമനേ ! നിൻമുഖം കാണുവാനീ വന-
ത്തുമണിച്ചോലയിൽ കാത്തിരിക്കുന്നു
ഞാൻ,
ഈ വഴിയൊന്നു നീ വന്നു കൂടീടുക
കാണട്ടെ നിൻ കളിക്കോമള ചേഷ്ട്കൾ.
നിന്മുഖത്താമര ത്തുമധുവുണ്ണുവാ-
നെന്മനോഭൃംഗം ഭ്രമിച്ചിളകീടുന്നു.
ആരെയുമെപ്പോഴും വിഭ്രമിപ്പിക്കുവാ -
നാമലക്കാട്ടിൽ നീ തുള്ളിക്കളിക്കയോ?
പുള്ളിമാനൊത്തു നീ വള്ളിക്കുടിലതിൽ
കള്ളത്തരങ്ങൾ പറഞ്ഞു പഠിക്കയോ ?
പൂങ്കോകിലങ്ങളോടൊത്തു പാടീടുവാൻ
തേന്മലർമാവിൽ മറഞ്ഞിരിക്കുന്നുവോ?
കാർകൂന്തൽക്കെട്ടഴിച്ചുംബരത്തട്ടിലായ്
നീ ലസിക്കുന്നതു കാമ്യമാണത്രയും !
കന്നൽക്കണ്‍ കോണിളക്കത്തിൽ കലർന്നിടും
മിന്നൽസ്ഫുലിംഗത്തിലാർദ്രനാകുന്നു ഞാൻ.
ഓമനേ ! യീമലർവാടിയിൽ നീ വരൂ -
കാമിതമോതിടാം ഗൂഢമായൊക്കയും!



കാവിള എം . അനിൽ കുമാർ
സ്കൂൾ മാനേജർ



# പ്രകൃതി

പച്ചപ്പട്ടുടുത്ത സുന്ദരിയവൾ

തേങ്ങുന്നു കദനത്തിലിറങ്ങിനിന്നും

അവളിലെ നൊമ്പരം കാണുവാനാകാതെ

മനുഷ്ജന്മങ്ങൾ ആർത്തുചിരിക്കുന്നു

ഭൂമി മാതാവിൻ മാറുപിളർന്നിടുന്നു

കുന്നുകൾ കുമ്പാരമായിടുന്നു

മണ്ണുമാന്തികൾ കേളി കൊട്ടി തിമർക്കുന്നു

ധർമ്മങ്ങൾ അധർമ്മങ്ങളായിടുമ്പോൾ

ഓഖിയായ് പ്രളയമായ് സർവ്വമാരിയായ്

പെയ്തിറങ്ങീടുന്നവൾ

ചീട്ടുകൊട്ടാരം കെട്ടിപടുത്തുയർത്തിയ

മർത്യനിന്നും അറിയാ പ്രകൃതിയെ

മരമില്ല , തണലില്ല വരൾച്ചമാത്രം

മാറുകീറിത്തരുന്നൊരു അമ്മിഞ്ഞപ്പാലിന്റെ

മാധുര്യം നുകരാനറിഞ്ഞിടാത്തി

മാനവരാശി തൻ ഞാനെന്നഭാവം

ക്ഷമിക്കുമെൻ അമ്മേ കാഴ്ചവെയ്ക്കുന്നു

ഞാനുമെൻ ജീവൻ നിനക്കു മുന്നിൽ

പ്രകൃതി ; നിത്യശ്യാമള, സുന്ദരമാം പ്രകൃതി

പച്ചപ്പിൻ മുങ്ങിക്കുളിച്ചിരുന്നമ്മേ

ആദിയുഗത്തിലെ നീ, വീണ്ടും പിറക്കുവാൻ



ബലിയർപ്പിച്ചിടാം ഞാനുമെൻ ജീവനെ ....

**ശരത് ശ്രീധർ**

**അദ്ധ്യപകൻ**

# പ്രളയം

പ്രളയം ഒരു ദുരിതമല്ലെന്ന് ഓർത്തോ

ഇനിയും വരാനുള്ളത് ഓർക്കുമ്പോൾ




മനുഷ്യരെല്ലാവരും ഒന്നെന്ന് ഓർത്തോ

ഇനിയും ഓർക്കാതിരുന്നാൽ ദുഃഖിക്കുമോർത്തോ

പാടത്ത് പറവകൾ കൂകുന്ന നേരം

മനുഷ്യന്റെ ത്യാഗം തുടങ്ങുന്ന സമയം

ഇനിയും മുതലിനായി ഓടിനടന്നാൽ

ദുരിതങ്ങൾ ഒരുപാട് കാണേണ്ടിവരും

ആത്മാർത്ഥമായി സ്നേഹിക്കു നമ്മൾ

ഒരുപാട് നാള് ജീവിക്കു നമ്മൾ



ഈ പ്രളയത്തിൽ അകപ്പെട്ടവരുടെ രൂപം

ഇനി ഒരിക്കലും മറക്കില്ല നമ്മൾ

അവരുടെ രക്ഷകരായി വന്ന

ഈ പാവം മത്സ്യതൊഴിലാളികളെയും

ഇനിയെങ്കിലും ആത്മാർത്ഥമായി സ്നേഹിക്കു നമ്മൾ

ഇനിയെങ്കിലും ആത്മാർത്ഥമായി സ്നേഹിക്കു നമ്മൾ

ഇനി ഒരുപാട് നാൾ ജീവിക്കു നമ്മൾ

ഇനിയുമൊരുപാട് നാൾ ജീവിക്കു നമ്മൾ

നൗഷാദ് വാലുവിള


സ്റ്റാഫ് അംഗം

# ഒരു പഴയ സ്മൃതി പഥത്തിലൂടെ

ഓണം മലയാളിയുടെ മനസ്സിൽ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സത് ചിന്തകൾ നിറയുന്ന ആഘോഷം . ലോകത്തിന്റെ ഏതു കോണിലായാലും മലയാളിയുടെ മനസ്സിനെ മദിക്കുന്ന സുന്ദരപദം അതാണ് ഓണം. ആധുനിക സാസ്ത്രസാങ്കേതിക സംവിധാനങ്ങളുടെ വളർച്ച.പ്രപഞ്ചത്തേക്കാൾ

വലുതായ മനുഷ്യൻ . ജനിതകെ രഹസ്യങ്ങൾകണ്ടെത്തി, കൃത്രിമാവയവങ്ങൾ വച്ചു പിടിപ്പിക്കുന്ന ഗ്രാഫ്റ്റിംഗ് സമ്പ്രദായം ചെടികളിലെപ്പോലെ നരനൾപ്പെടുന്ന ജന്തുക്കളിലും സാധ്യമാക്കിയമനുഷ്യസമൂഹം പോലും ഹൃദയതന്ത്രികളിൽ ആനന്തത്തിന്റെ ഉന്മാതനൃത്തം ചവിട്ടി കുഴയ്ക്കുന്ന മുഹൂർത്തം ഓണം .

1985 സെപ്റ്റംബർ മാസത്തിലെ ഓണം .ഓർമ്മയിലെ ഒഴിവാക്കപ്പെടാനാവാത്ത ഒട്ടനവധി സംഭവങ്ങളിൽ തുടക്കത്തേടെ



ഓർമ്മിക്കുന്ന ഒരു ദിനം . ബോംബെ മഹാനഗരത്തിലെ ഘാട്കോപ്പർ റയിൽവേസ്റ്റേഷനുസമീപമുള്ള രമാഭായി കോളനി . ഗൾഫ് എന്ന സുന്ദര സ്വപ്നവും യേറി മഹാനഗരിയിലേക്ക് വണ്ടിക്കയറിയ നാലു ചെറുപ്പക്കാർ. കബളിപ്പിക്കപ്പെട്ടതിന്റെ യാഥാത്ഥ്യം തിരിച്ചറിയാതെ പക്വതയില്ലാത്ത പ്രായത്തിൽ പണം വാരുന്ന മരുഭൂമിലെത്താൽ

വ്യഗ്രത കാട്ടിയ യൗവനങ്ങൾ .

മാവേലിക്കരക്കാരൻ പുരുഷന്റെ മുറിയിൽ ഞങ്ങൾ നാലു പേർക്കും താമസസൗകര്യമൊരുക്കി തന്ന ഏജന്റുമാർ മുഹമ്മദ് ഹാജി . അലിയാർ ദിലീപ് . മൂന്നും മലയാളികൾ . കുന്നിക്കോട്ട് നിന്നും ഞങ്ങളെപ്പോലെബോംബയിലെത്തിയ 4 പേർ മറ്റൊരു കെട്ടിടത്തിൽ . ഗൾഫിൽപോകാനെത്തിയെ

ഒരു ഫാത്തിമയും കുത്സാം ബീവിയും (അവരുടെ സ്ഥലം രേഖപ്പെടുത്തുന്നില്ല ) ഞങ്ങളുടെ മുറിയിൽ വനിതകൾ പറ്റില്ലെന്നു ഞങ്ങൾ കുന്നിക്കോട്ടുകാർക്ക് അവരുടെ മുറിയിൽ തടസ്സമില്ലെന്ന വരും അങ്ങനെ ആ വിഷയം പരിഹരിച്ചു.

നേരിട്ട് പൈസാ വാങ്ങിയ ദിലീപ് മുങ്ങി . പിന്നീടറിഞ്ഞു അയാളും ഭാര്യയും ജർമ്മനിയിലേക്ക് പോയെന്ന്. ഞങ്ങൾക്ക് കഷ്ടിചെലവിനുള്ള പൈസാ തരുന്നത് അലിയാരാണ്.

ഇന്നും നമ്മുടെ രാജ്യത്തും സംസ്ഥാനത്തും എന്തിനേറെ സ്ഥാപനങ്ങളിൽപ്പോലും നടപ്പിലാക്കി വിജയിക്കുന്ന തന്ത്രമാണ്. ഭിന്നിപ്പിച്ചു ഭരിക്കൽ .ബ്രിട്ടീഷുകാർ പകർന്നുനൽകിയ ഓമനിക്കുന്ന സമ്മാനം . പാർട്ടി-ജാതി-കുടുംബം-പണക്കാരൻ-പാവപ്പെട്ടവൻ-ബ്രാഹ്മണൻ-അയിത്തമുള്ളവൻ എന്നിങ്ങനെ നീളും വിഭജന തന്ത്രങ്ങൾ. സംസ്കാര സമ്പന്നകൊണ്ട് തലയുയർത്തി പിടിക്കുന്ന മലയാളിയുടെ മനസ്സിലേക്ക് പകർന്ന് നൽകിയാൽ പവന സാമീപ്യമുള്ളപാവകനെപ്പോലെ നീറിപ്പിടുക്കുന്ന നീരാളി തന്ത്രം . ആ തന്ത്രം ഇവിടേയും പരീക്ഷിക്കപ്പെടുന്നു.



ഒരു ദിവസം മാൻപവർ ട്രാവൽ ഏജൻസിയിലേക്ക് എന്നേയും പ്രസാദിനേയും വിളിപ്പിച്ചു . മുഹമ്മദലി സംസാരിച്ചു തുടങ്ങി ..നിങ്ങൾ രണ്ടുപേരുടെ വിസ അടുത്തയാഴ്ചവരുംഅപ്പോൾ മറ്റുള്ളവർ?
നിങ്ങൾ അവരോടൊന്നും പറയണ്ട.പിന്നെഒരു കാര്യം നിങ്ങളുടെ പൈസാ വാങ്ങിയവൻകടന്നു കളഞ്ഞു.എങ്കിലും എല്ലാവരേയുംഞങ്ങൾ കയറ്റിവിടും.അത്...തലവെട്ടിയറ്റുന്നവിസയാ.രക്ഷപ്പെടുന്നത് നിങ്ങളുടെ ഭാഗ്യം പോലെ . സൗദിയിൽ കംപ്യൂട്ടർ പരിശോധനയാ.അവിടെ പിടിക്കപ്പെടും . കുവൈറ്റിൽ കുഴപ്പമില്ല . അടുത്താഴ്ച നിങ്ങൾക്കുരണ്ടുപേർക്കും പോകാം.
മറ്റു രണ്ടു പേരോടും ഇതുതന്നെയാവർത്തിച്ചു.അന്നു മുതൽ ഞങ്ങൾ രണ്ടുപേർ വീതം വലിയകൂട്ടുകാരായി . ചെലവിന് ഒരു ദിവസം പൈസാ തന്നില്ലെങ്കിലും ഇരുകൂട്ടരും ഉള്ളതുകൊണ്ടോണം പോലെ കഴിയാൻ നോക്കി .

ആഴ്ച ഒന്നുകഴിഞ്ഞു . അപ്പോൾ അടുത്ത അഭിപ്രായം .ഓണം കഴിഞ്ഞേ എല്ലാം ശരിയാകൂ.പാസ്സ് പോർട്ടിൽ ഫോട്ടോ മാറ്റുന്നവൻമലയാളിയാണ് അവൻ നാട്ടിൽ പോയി . ഓണം കഴിഞ്ഞേ തിരികേ

വര്വ് . കുന്നിക്കോട്ടുകാർക്ക് ഗൾഫ് ബോംബെയായി. സ്ത്രീകൾ കൂടെയുള്ളതിനാൽ അവർ പല കമ്പനികളിൽ ജോലി കണ്ടെത്തി . ആ വരുമാനം കൊണ്ട് അവർ ബോംബെയെ ഗൾഫാക്കി സുഖജീവിതം നടത്തി . ഏതർഥത്തിലും അവരുടെ വെപ്പുകാരായി രണ്ടു സ്ത്രീ ജനങ്ങളും . ഇന്ദിരഗാന്ധി ഇന്ത്യയെ ഇന്ത്യയാക്കിയ ഉരുക്കുവനിതയായ ഭരണാധികാരി .



നെഹ്റുവിന്റെ സോഷ്യലിസ്റ്റ് ആശയങ്ങൾ നടപ്പിലാക്കിയപ്പോഴും പ്രിവീപഴ്സ് നിർലാക്കിയും , ബാങ്ക് ദേശവൽക്കരണം നടത്തിയും . റയിൽവേ പോലുള്ള സ്ഥാപനങ്ങളും . ഖനി മേഖലകളും ലാഭത്തിന്റെ പരമ കാഷ്ടയിലെത്തിച്ചും ഇന്ത്യയെ ലോകരാഷ്ട്രങ്ങൾക്കു മുൻപിൽ തലയുയർത്തിനിൽക്കാൻ പ്രാപ്തമാക്കിയ ഇന്ദിരാഗാന്ധി. അഹങ്കാരവും ഗർവ്വും കൊണ്ട് അധികാരംകൈപ്പിടിയിലൊതുക്കി ജനാധിപത്യത്തിൽ കാർമേഘത്തിന്റെ കരിനിഴൽ വീഴ്ത്തിയ വനിതാഹിറ്റ്ലർ എന്ന ദുഷ്പേരു സമ്പാദിച്ച ഭരണാധികാരി . സുവർണ്ണക്ഷേത്രത്തിൽ പതിയിരുന്ന് പഞ്ചാബ് ലഹളയ്ക്ക് നേതൃത്വം നൽകിയ ഭിന്ദ്രൻ വാലാ തുടങ്ങിയ സിക്ക് ഭീകരരെ തകർത്തയെൻ ഇന്ത്യൻ ആർമിയെ ക്ഷേത്രത്തിനുള്ളിൽ കയറി ഭീകര വേട്ട നടത്തി; സുവർണ്ണക്ഷേത്രക്കുളത്തെ സമന്തപഞ്ചകം പോലെ രക്തക്കുളമാക്കി മാറ്റിയ ഓപ്പറേഷൻ ബ്ലൂ സ്റ്റാർ നടത്തിയ ഭരണാധികാരി .

1984 ജൂൺ മാസം ബ്ലൂ സ്റ്റാർ നടത്തി 1984 ഒക്ടോബർ 31 ന് ബിയാന്ത് സിംഗ് എന്ന അംഗരക്ഷകന്റെ വെടിയേറ്റ് ഇന്ത്യൻ പ്രധാന മന്ത്രിയുടെ ഹൃദയരക്തം ചെന്താമരപ്പൂക്കളെപ്പോലെ ഭാരത മണ്ണിൽ തെറിച്ചു വീണു . തുടർന്ന് രാജ്യസ്നേഹികളും രാജ്യദ്രോഹികളുമായ ഒട്ടനവധി സിക്കുകാർ വേട്ടയാടപ്പെട്ടു . ഇല്ലാത്ത ചരസ്സിന്റെയും മയക്കു മരുന്നിന്റെയും പേരിലായിരുന്നുമൃഗ തുല്യ വേട്ട ഉത്തരേന്ത്യയിലാകമാനം നടന്നു.

ഓർമ്മകൾ വഴിതെറ്റുന്നില്ല.സംഭവങ്ങൾ ഓർത്തു എന്നുമാത്രം .1985 ലെ തിരുവോണം .ഉത്രാടനാളിൽ അർദ്ധപട്ടിണിയായിരുന്നു .തിരുവോണ നാളിൽ ഉയർന്നു പൊങ്ങിയമലയാണ്മയുടെ ബോധം നിരാഹാരം പാടില്ലെന്ന യുദ്ധ പ്രഖ്യാപനമായിരുന്നു . എല്ലാവരുടെയും പേഴ്സ് അരിച്ചുപെറുക്കി . കിട്ടിയ

ചില്ലറ കൊണ്ട് ഒരു കിലോ അരിയും അല്പം പച്ചകറിയും  വാങ്ങി . കേരളീയൻ ആമോദത്തോടെ വസിക്കേണ്ട ദിവസം രമാഭായി കോളനിയിലെ Room no : 44 ൽ കഞ്ഞികൊണ്ടുതന്നെ സദ്യ നടന്നു . വിശപ്പ് പിടിമുറുക്കാതിരിക്കാൻ നേരത്തെ തന്നെ എല്ലാവരും ഉറങ്ങാൻ കിടന്നു പുറത്ത് നല്ല മഴ .ഏകദേശം രാത്രി എട്ടുമണിയായി കാണും കതകിൽ ആരോ ശക്തമായി മുട്ടുന്നു . ദമുടമ പുരുഷൻ ചോദിച്ചു . "कौन है" മറുപടി – പോലിസ് വാലാ ദർവാസാ കോലാ പെട്ടെന്ന്

വാതിൽ തുറന്നു . 3 പോലീസുകാർ പെട്ടെന്ന്ഉമിനുള്ളിചാടിക്കയറി .

എല്ലാവരേയും ബെൽറ്റുകൊണ്ട് അടി തുടങ്ങി. ഞാൻ ചാടി മോറിയിലറങ്ങി ( പാത്രം കഴുകുന്ന സ്ഥലം) വാന്റ്സ് വലിച്ചുകയറ്റി. ഷർട്ടെടുത്തിട്ടു പുറത്തുചാടി ചെരിപ്പെടുക്കാൻ കുനിഞ്ഞതും ഇടിവെട്ടുപോലെ മുതുകിലൊരിടി. ചെരിപ്പെടുക്കാതെ കുനിഞ്ഞുതന്നെ വെളിയേക്കു ചാടി അതാ മുന്നിൽ നീട്ടിപിടിച്ച റിവോൾവറുമായി       ഒരു പോലീസുദ്യോഗസ്ഥൻ. അടുത്തനിന്ന മറ്റൊരു പോലീസുകാരൻ മുയലിനെ ചെവിയിൽ പിടിച്ചു പൊക്കുന്നതു പോലെ എന്റെ ഷർട്ടിന്റെകോളറിൽ പിടിച്ചുയർത്തി . എന്നിട്ടൊരു ചോദ്യം

ഇടിവെട്ടുന്ന ശബ്ദത്തിൽ ചരസ് കിതർ ഹെ ബോലോ ഞാൻ രണ്ടു കൈയും കൂപ്പിതൊഴുതുകൊണ്ട് കരഞ്ഞു പറഞ്ഞു എനിക്കറിയില്ല സാറേ . പെട്ടെന്ന് വലതുവശം ചെവിക്കല്ലുപൊട്ടെ അടുത്തയടി സാലാ കുത്തേ

ബോലോ കിതർ ഹെ ചരസ്സ് കിതർ ഹേ ബോലോ .. പിന്നീടെനിക്കോർമ്മ വന്നത് പോലീസ് വണ്ടിക്കുള്ളിൽ കുറെയധികം പേരുടെയിടയിൽ ഞാനും . മിക്കവാറും എല്ലാവരേയും തുണികൾകൊണ്ട് (ഓരോരുത്തർ ഉടുത്തിരുന്ന തുണി ) പരസ്പരം കെട്ടിയിട്ടിട്ടുണ്ട് .

വളരം വേഗം പോലീസ് വാൻ ദൂരേക്ക് ഓടിച്ചുപോയി . കൊളംബോ പോലീസ് സ്റ്റേഷനിൽ ഇറക്കി . അവിടെ ചെന്നപ്പോൾ സമാധാനമായി.



ഏകദേശം 100 ഓളം പേരവിടെയുണ്ട് . ചിലർ പോലീസിനെ തെറിപറയുന്നു . നല്ല തണുപ്പ് . ചെരുപ്പില്ല . സിമന്റ് തറയിൽ എല്ലാവരും ഇരിക്കുന്നു . ചില പോലീസുകാർ പോകുമ്പോഴും വരുമ്പോഴും ചിലർക്ക് ഓരോ ചവിട്ടുകൊടുക്കുന്നു.അവരൊക്കെ മലയാളത്തിൽ നല്ല തെറി പറയുന്നുണ്ട് . ഒരുദ്യോഗസ്ഥൻ വന്നു എല്ലാവരുടേയും മുഖത്ത്

സൂക്ഷിച്ചു നോക്കുന്നു. അതിൽ ചിലരെയെല്ലാം മറ്റെവിടേക്കോ കൊണ്ടുപോകുന്നു.അവസാനം ഞങ്ങൾ 10 ഓളം പേർ അവശേഷിച്ചു.

എന്നെ ചോദ്യം ചെയ്യാനായി വിളിച്ചു.താം ക്യാ ബോലോ.ഞാൻ പറഞ്ഞു എനിക്ക് ഹിന്ദിയറിയില്ല സാറേ പിന്നീട് പലപ്പോഴും അതോർക്കുംമ്പോൾ കിലുക്കത്തിലെ ജഗതിശ്രീകുമാറിനെ ഓർമ്മവരും.ഭാഗ്യം അടുത്ത നിന്ന ഒരു മലയാളി ദ്വിഭാഷയായി.രാവിലെ 4 മണിയായി ഞങ്ങളിൽ 2 പേരെ എന്നേ പ്രസാദിനേയും വെറുതേ വിട്ടു മറ്റു രണ്ടു പേർ ജയിലിൽ അവർക്ക് ഏതേ കുറ്റവാളികളുടെ മുഖഛായ ഉണ്ടെന്ന്. പോലീസ് അവസാനം പറഞ്ഞു 24 മണിക്കൂറിനകം ബോംബെ വിട്ടോണം.അവിടെനിന്നുംഞങ്ങളറിഞ്ഞു.ഞങ്ങളെ പിഡിപ്പിച്ചത് എജന്റുമാരായിരുന്നു .പുറത്തിറങ്ങിയ ഞങ്ങളെ റോഡിൽ വരവേറ്റത് മുട്ടോളം വെള്ളം. കോച്ചുന്ന തണുപ്പ് ഒപ്പം വിശപ്പും ഒൻപതു കിലോമീറ്റർ ദൂരം നടന്ന് മുറിലെത്തി. പച്ച വെള്ളം തിളപ്പിച്ച് അൽപ്പം കാപ്പിപൊടിയിട്ട് മധുരമില്ലാതെ രണ്ടു കവിളിറക്കി ബാക്കി കളഞ്ഞു അവിട്ടംനാൾ 11 മണി യോടെ വീട്ടിൽ നിന്നും കത്തു വന്നു മറുപടി എഴുതിഓണം സുഖപ്രദമായിരുന്നു. ഞങ്ങളെല്ലാവരും കൂടി ആഘോഷിച്ചു ഇവിടെ മലയാളികളുടെ ഓണഘോഷ പരിപാടിയുണ്ടായിരുന്നു അതുകൊണ്ട് രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല അങ്ങനെ മനസ്സു നിറഞ്ഞ ആ ഓണവും കഴിഞ്ഞു.

ഓർമ്മയ്ക്കു പേരാണിതോണം



ആർ .ബാബു
അദ്ധ്യാപകൻ

# ചിത്രരചന




Std VIII



അഭിജിത്ത്.ബി.എം


By: AkBAR
SHA



By Binil.k






ശരത് ശ്രീധർ

# കടപ്പാട്




ഡിജിറ്റൽമാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ഷീബ ടീച്ചർക്കും ഒരായിരം നന്ദി ......

എഡിറ്റർ